## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 272 | 02.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.എ. പ്രദീപ്കുമാർ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി ജയിൽ ശിക്ഷക്ക് പകരം നല്ല നടപ്പ് നൽകുന്നതിനും വേണ്ടി സാമൂഹ്യ നീതി വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | എ) & ബി) ഉണ്ട്. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി ജയിൽ ശിക്ഷക്ക് പകരം നല്ല നടപ്പ് നൽകുന്നതിനും വേണ്ടി സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ വിഭാഗം വഴി 1958 ലെ Probation of Offenders Act നടപ്പിലാക്കി വരുന്നു.<br>പ്രൊബേഷൻ സംവിധാനം ശക്തമാക്കുന്നതിനായി നേർവഴി എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ആദ്യമായി കുറ്റം ചെയ്യുന്നവരിലും ജയിലിൽ നിന്നും ബോസ്റ്റൽ സ്കൂളിൽ നിന്നും പുറത്തിറങ്ങുന്നവരിൽ തെരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകം ശ്രദ്ധിച്ച് വീണ്ടും കേസിൽ പെടാതെ നോക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ